**Deepika**

**23 August 2018**

**Kochi: After flood**



## ദുരന്ത നിവാരണ അഥോറിറ്റി സൃഷ്ടിച്ച ദുരന്തം: കോൺഗ്രസ്

കൊച്ചി: സംസ്ഥാനത്തെ ദുരന്ത നിവാരണ അഥോറിറ്റിയുടെ സൃഷ്ടിയാണു പ്രളയദുരന്തമെന്ന് എറണാകുളം ജില്ലാ കോൺഗ്രസ് കമ്മിറ്റി ആരോപിച്ചു. മഴവെള്ളത്തെക്കാൾ കൂടുതൽ അണക്കെട്ടുകൾ തുറന്നുവിട്ട വെള്ളമാണു ദുരന്തം സൃഷ്ടിച്ചത്. അണക്കെട്ടുകൾ തുറന്നുവിട്ടപ്പോൾ അടുത്തുള്ള പ്രദേശങ്ങളിലെ ആളുകളെ ഒഴിപ്പിച്ചെങ്കിലും വെള്ളം ഒഴുകി എത്തിച്ചേരുന്ന പ്രദേശത്തുള്ളവർക്കു ജാഗ്രത നിർദേശം നൽകിയില്ല. അതാണു ദുരന്തവ്യാപ്തി വർധിപ്പിച്ചത്.

ഒരു അണക്കെട്ടും ഒറ്റയടിക്ക് തുറക്കരുത് എന്ന മാനദണ്ഡം പോലും പരിഗണിക്കാതെയാണ് സംസ്ഥാന സർക്കാർ പ്രവർത്തിച്ചത്. അണക്കെട്ട് തുറക്കാനുള്ള ഉത്തരവാദിത്വം മാത്രമേ കെഎസ്ഇബിക്കുള്ളു. തുറക്കാൻ തീരുമാനിക്കേണ്ടത് സർക്കാരാണ്. ഓഖി മുന്നറിയിപ്പ് നൽകിയിട്ടും വേണ്ട മുൻകരുതൽ എടുക്കാൻ സംസ്ഥാന സർക്കാരിനോ ദുരന്തനിവാരണ അഥോറിറ്റിക്കോ കഴിഞ്ഞിരുന്നില്ല.

ഇതിനുശേഷം ദുരന്തനിവാരണ സമിതി കാര്യക്ഷമമാക്കുമെന്നു മുഖ്യമന്ത്രി പറഞ്ഞിരുന്നുവെങ്കിലും ഒന്നും നടന്നില്ല. എറണാകുളം ജില്ലയുടെ ചുമതലയുള്ള മന്ത്രി രവീന്ദ്രനാഥ് ജില്ലയിൽ എത്തുകപോലുമുണ്ടായില്ല. എല്ലാ രാഷ്ട്രീയപാർട്ടികളെയും വിളിച്ചുചേർത്ത് യോഗം ചേരാൻ പോലും സർക്കാർ ഇതുവരെ തയാറായിട്ടില്ല.

ദുരന്തത്തിനുശേഷമുള്ള ശുചീകരണ പ്രവർത്തനങ്ങളിൽ കോൺഗ്രസ് പ്രവർത്തകർ അണിചേരും. ആളുകൾ കൂടുതൽ മാനസിക സമ്മർദം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇവർക്ക് കൗൺസിലിംഗ് ഉൾപ്പെടെയുള്ള സഹായങ്ങൾ, റേഷൻകാർഡ്, വിദ്യാർഥികളുടെ പുസ്തകങ്ങൾ തുടങ്ങിയ കാര്യങ്ങളിൽ അടിയന്തര നടപടികൾ സ്വീകരിക്കണം. നിലവിൽ ക്യാമ്പുകളിൽ അധികമുള്ള അവശ്യസാധനങ്ങൾ ക്യാമ്പുകളിൽ തന്നെയുള്ളവർക്കു വീടുകളിലേക്കു മടങ്ങുമ്പോൾ കിറ്റുകളിലാക്കി വിതരണം ചെയ്യണം.

എറണാകുളം ഡിസിസിയുടെ ആഭിമുഖ്യത്തിൽ 23നു ദുരിതബാധിതർക്ക് ഓണക്കിറ്റ് നൽകുമെന്നു കെ.വി. തോമസ് എംപി, കോൺഗ്രസ് രാഷ്ട്രീയകാര്യ സമിതി അംഗം ബെന്നി ബെഹനാൻ, ഡിസിസി പ്രസിഡന്റ് ടി. ജെ വിനോദ് എന്നിവർ പത്രസമ്മേളനത്തിൽ പറഞ്ഞു.

## പ്രളയ ദുരിതാശ്വാസത്തിന് എറണാകുളം പ്രസ് ക്ലബും

കൊച്ചി: പ്രളയത്തിൽ ദുരന്തത്തിനിരയായവരെ സഹായിക്കുന്നതിനായി എറണാകുളം പ്രസ് ക്ലബ് രംഗത്ത്. വിവോ മൊബൈൽസുമായി സഹകരിച്ചാണു പദ്ധതി നടപ്പാക്കുക. രണ്ടുഘട്ടങ്ങളായി നടക്കുന്ന ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ അൻപത് ലക്ഷം രൂപയുടെ അവശ്യ സാധനങ്ങൾ വിതരണം ചെയ്യും. ആദ്യഘട്ടത്തിൽ മുപ്പത് ലക്ഷം രൂപയുടെ അരിയും അവശ്യ സാധനങ്ങളും വിതരണം ചെയ്യും.

എറണാകുളം ജില്ലയിൽ ഏറ്റവും കൂടുതൽ കെടുതി അനുഭവിക്കുന്ന മേഖലകളിലും കുട്ടനാട്ടിലുമായാണു സഹായമെത്തിക്കുന്നത്. രണ്ടാംഘട്ട സഹായമായി ക്യാമ്പുകളിൽനിന്നു വീട്ടിലേക്ക് മടങ്ങുന്നവർക്ക് ക്ലീനിംഗ് സാമഗ്രികളടങ്ങുന്ന കിറ്റുകൾ വിതരണം ചെയ്യും. ഈവിധം ഇരുപതു ലക്ഷം രൂപയുടെ ഉത്പന്നങ്ങൾ വിതരണം ചെയ്യും. മാധ്യമപ്രവർത്തകർ ഇതിനു മേൽനോട്ടം വഹിക്കുമെന്നു പ്രസ്ക്ലബ് പ്രസിഡന്റ് ഡി. ദിലീപ്, സെക്രട്ടറി സുഗതൻ പി ബാലൻ എന്നിവർ അറിയിച്ചു.

സെപ്റ്റംബർ 22 വരെ വില്പന നടത്തുന്ന വിവോ മൊബൈലുകളിൽ അമ്പതു രൂപ വീതം ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി മാറ്റിവയ്ക്കുമെന്നു വിവോ ബിസിനസ് ഓപ്പറേഷൻസ് എജിഎം ബൈജു മാത്യു അറിയിച്ചു.

## പരമാവധി തുക സമാഹരിച്ചു നൽകുമെന്ന് എൽഡിഎഫ്

കൊച്ചി: മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്കു പരമാവധി തുക സമാഹരിച്ചു നൽകാൻ എൽഡിഎഫ് ജില്ലാ കമ്മിറ്റി യോഗം തീരുമാനിച്ചു. ദുരിതാശ്വാസ ക്യാമ്പുകളിലുള്ളവരെ തിരിച്ചു വീടുകളിലെത്തിക്കാനും അവരുടെ വീടുകൾ ശുചീകരിക്കാനും കടുത്ത ദാരിദ്ര്യത്തിൽ എല്ലാം നഷ്ടപ്പെട്ടവർക്ക് ആവശ്യവസ്തുക്കൾ അടിയന്തരമായി ലഭ്യമാക്കുന്നതിനും വേണ്ട പ്രവർത്തനങ്ങളാണ് ഇനി നടത്തേണ്ടതെന്നു യോഗം വിലയിരുത്തി. സിപിഎം ജില്ലാ സെക്രട്ടറി സി.എൻ. മോഹനൻ അധ്യക്ഷത വഹിച്ചു.